# പരി. ലാസലെറ്റ് മാതാവിന്റെ 175–ാം പ്രത്യക്ഷികരണതിരുനാളിന് ഒരുക്കമായ ധ്യാന പ്രാർത്ഥനാ കർമ്മം.

## മാർച്ച് 2021

**നിർദ്ദേശങ്ങൾ:–**

(കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനാമുറിയിൽ ഒന്നു ചേരുന്നു. മാതാവിന്റെ തിരുസ്വരൂപം/ചിത്രം അലങ്കരിച്ച്, മുമ്പിൽ മെഴുകുതിരി കത്തിച്ചു വെയ്ക്കാം. പ്രാർത്ഥനകളും വായനകളും കുടുംബനാഥനോ അല്ലെങ്കിൽ കുടുംബാഗങ്ങളിൽ മറ്റൊരാളോ നയിക്കാം. ഈ പ്രാർത്ഥനാ ശുശ്രൂഷ ഈ മാസത്തിലെ 19–ാം തിയ്യതി കുടുംബപ്രാർത്ഥനയോടു ചേർത്ത് നടത്തുന്നതാണ് ഉത്തമം.)

### പ്രാരംഭഗാനം

പരിശുദ്ധാത്മാവേ.....

ലീഡർ 1. സ്വർഗ്ഗ 3 നൻമ 1. ത്രിത്വ

### പ്രാരംഭ പ്രാർത്ഥന

ലീഡർ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവമേ. അങ്ങേ സ്നേഹ സന്ദേശവുമായി പരി. മാതാവ് ലാസലെറ്റ് മലയിൽ പ്രത്യക്ഷയായതിന്റെ 175–ാം തിരുന്നാളിനൊരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. ലാസലെറ്റ് മാതാവിന്റെ അനുരഞ്ജന സന്ദേശം ഉൾകൊണ്ടു കൊണ്ട് വ്യക്തി ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും പരിവർത്തനം വരുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ജൂബിലി വർഷത്തിനൊരുക്കമായി വൈദികരിലും സമർപ്പിതരിലും സമർപ്പിതാർത്ഥികളിലും അത്മായ കൂട്ടായ്മകളിലും നടക്കുന്ന ഭൗതികവും അത്മീയവുമായ എല്ലാ സംരംഭങ്ങളെയും അങ്ങ് സമൃദ്ധമായി അനുഗ്രഹിക്കണമേ. പരി. അമ്മ ആഹ്വാനം ചെയ്തതുപോലെ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരും പരിത്യാഗ പ്രാശ്ചിത പ്രവർത്തനങ്ങളിൽ ഉൽസുകരും ജീവിതത്തിൽ ക്രിസ്തുവിന്റെ തീക്ഷണ യോദ്ധാക്കളുമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റേയും നാഥാ എന്നേക്കും.

ആമ്മേൻ

### വചനവായന

വി. യോഹന്നാൻ 17, 20 – 23

### ധ്യാനചിന്തകൾ:– ‘‘തിരുസഭയിലേക്ക് തിരിച്ചുവിളിക്കുന്ന മാതാവ്’’

കൂട്ടായ്മയിലാണ് തിരുസഭ പിറന്നത്. അതു കൂട്ടായ്മയിലൂടെയാണ് വളർന്നത്. അപ്പസ്തോല പ്രവർത്തനങ്ങളിൽ ആദിമസഭ ഒരേ മനസ്സോടെ ഒന്നുചേരുകയും പ്രാർത്ഥിക്കുകയും വചനം പങ്കുവെയ്ക്കുകയും ചെയ്തിരുന്നതായി നാം വായിക്കുന്നു. കർത്താവ് തന്റെ ഭൂമിയിലെ മനുഷ്യാവതരാപൂർത്തീകരണ വേളയിൽ ശിഷ്യൻമാർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഭാഗമാണ് നാം വായിച്ചു കേട്ടത്, അവിടെ യേശു പ്രാർത്ഥിക്കുന്നത് തന്റെ ചുറ്റിലും ഉള്ള 12 പേർക്കുവേണ്ടി മാത്രമല്ല, അവരിലൂടെ വളരാനിരിക്കുന്ന സഭയ്ക്കുവേണ്ടി കൂടിയാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും

ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കണമേ എന്നും അവരുടെ കൂട്ടായ്മയെ തകർക്കാൻ വരുന്ന ശത്രുവിന്റെ കുതന്ത്രങ്ങളെ തിരിച്ചറിയാനും ചെറുക്കാനും വിവേകത്തിന്റെ ആത്മാവിനെ നൽകണമേ എന്നും അവിടുന്ന് പ്രാർത്ഥിക്കുന്നു. പിതാവായ ദൈവം സ്ഥാപിച്ച പഴയ നിയമത്തിലെ പറുദീസായുടെ പുതിയനിയമത്തിലെ പതിപ്പാണ് പുത്രനായ ദൈവം കുരിശിൽ രക്തം വാർന്ന് നേടിയെടുത്ത തിരുസഭ. ദൈവിക പദ്ധതികളെ മറന്ന് പ്രലോഭകന്റെ കുതന്ത്രത്തിൽ കുടുങ്ങി പറുദീസ നഷ്ടപ്പെടുത്തിയവരുടെ ഇളമുറക്കാർ, വരാനിരിക്കുന്ന കാലത്ത് അവന്റെ കുതന്ത്രങ്ങളിൽ കുടുങ്ങി തിരുസഭാ ഐക്യം നഷ്ടപ്പെടുത്താതിരിക്കാനും, രക്ഷയുടെ കാസ കമഴ്ത്തി കളയാതിരിക്കാനുമായി കൃപ കൊടുക്കാൻ കർത്താവ് പ്രാർത്ഥിക്കുന്ന രംഗം ഹൃദയസ്പർശിയാണ്. എന്നാൽ കാലം പിന്നീട് തിരുസഭയെ തള്ളി പറയുന്നവരുടെയും, തിരുസഭയ്ക്കെതിരു നിൽക്കുന്നവരുടെയും പലപതിപ്പുകൾ ചരിത്രത്തിൽ ആവർത്തിച്ച് കോറിയിട്ടു. അങ്ങനെ ഒരു കാലഘട്ടത്തിലാണ് ലാസലെറ്റിൽ മാതാവ് പ്രത്യക്ഷപ്പെടുന്നതും തിരുസഭയിലേക്കു തിരിച്ചു വിളിക്കുന്നതും. ഈ കാലഘട്ടത്തിലും ലാസലെറ്റ് മാതാവിന്റെ സന്ദേശങ്ങൾക്ക് അതിപ്രാധാന്യമുണ്ട് എന്ന് പഠിപ്പിക്കാൻ കാരണവും ഇതുതന്നെ. തിരുസഭാ മാതാവിന്റെ മക്കൾ, ''തങ്ങൾ തന്നെയാണ് തിരുസഭ'' എന്ന് സത്യം മറന്ന് പരസ്പരം ആക്രോശിക്കുന്നതും കുറ്റം പറയുന്നതും ഇന്ന് സർവ്വസാധാരണമാണ്.

''തിരുസഭയ്ക്കു പുറമേ രക്ഷയില്ല'' എന്ന് ആദ്യം പഠിപ്പിച്ചത് കാർത്തേജിലെ വി. സിപ്രിയനാണ് (200–258 AD). സഭാപിതാവ് അപ്രകാരം പറയാനും പഠിപ്പിക്കാനും കാരണം സങ്കുചിതമായ ചിന്തയല്ല, ജ്ഞാനസ്നാനം സ്വീകരിച്ച്, കൂദാശകൾ കൈ കൊണ്ട്, മതപീഢനങ്ങളിലും പാഷണ്ഢതകളിലും തിരുസഭയായ തള്ളി പറഞ്ഞവരെ തിരിച്ചുകൊണ്ടുവരുവാനും, വിശ്വാസത്തിൽ ഉറപ്പിക്കാനുമാണ് അപ്രകാരം പഠിപ്പിച്ചത്. പിന്നീട് ചരിത്രത്തിൽ ഒരുപാട് ഇടങ്ങളിൽ മാർപ്പാപ്പമാരും സഭാപഠനങ്ങളും തിരുസഭയുടെ പ്രമാണരേഖകളും ഈ സത്യത്തെ മുറുകെ പിടിച്ചു. സഭാചരിത്രത്തെ മാറ്റിമറച്ച, പുതിയ കാലഘട്ടത്തിലേക്ക് തിരുസഭയായ കൈ പിടിച്ച് നടത്തിയ രണ്ടാം വത്തിക്കാൻ കൗൺസിലും ഇതിൽ മാറ്റം വരുത്തിയില്ല. 'ജനതകളുടെ പ്രകാശം (Lumen Gentium)'' എന്ന് പ്രമാണ രേഖയുടെ 12, 16 നമ്പറുകളിൽ ''തിരുസഭയ്ക്കു പുറമേ രക്ഷയില്ല'' എന്ന സത്യത്തെ ഉറപ്പിച്ച് പഠിപ്പിക്കുന്നു. അതിനർത്ഥം തിരുസഭയ്ക്കു പുറമേ ഉള്ളവർ രക്ഷപ്പെടില്ല എന്നല്ല, ''കർത്താവാണ് ഏക രക്ഷകൻ എന്ന് തിരിച്ചറിയുകയും, ജ്ഞാനസ്നാനം സ്വീകരിക്കുകയും കൂദാശകൾ കൈകൊള്ളുകയും ചെയ്തിട്ടുള്ളവർ, പിന്നീട് തിരുസഭയാകുന്ന ഭൗതിക ശരീരത്തെയും, അതിന്റെ ശിരസാകുന്ന ക്രിസ്തുവിനെയും ഉപേക്ഷിക്കുകയോ തള്ളിപറയുകയോ ചെയ്യുന്നവർക്ക് രക്ഷയില്ല'' എന്നുതന്നെയാണ് ഇന്നും തിരുസഭ പഠിപ്പിക്കുന്നത്. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിലും ''പൂർണ്ണമായ രക്ഷ'' കത്തോലിക്കാസഭയിലാണെന്ന സത്യം അടിവരയിടുന്നുണ്ട് (CCC, No. 816). 'വെറും അംഗമായിരിക്കുക' എന്നത് രക്ഷയിലേക്കുള്ള വഴി ഉറപ്പു തരുന്നില്ല എന്നും സഭ പഠിപ്പിക്കുന്നു. 'സജീവ' പങ്കാളിത്തമാണ് രക്ഷയുടെ വാതിൽ തുറന്നുതരുക.

തലശ്ശേരി അതിരൂപതയുടെ സഹായ മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് പാംബ്ലാനി പിതാവ് പറയുന്ന ഒരു സംഭവകഥയുണ്ട്. പണ്ടുകാലങ്ങളിൽ എല്ലാ സാധാരണക്കാരുടെ വീടുകളിലും കോഴികളും കോഴിക്കൂടും ഉണ്ടായിരുന്നു.

വൈകുന്നേരങ്ങളിൽ നേരം ഇരുട്ടുമ്പോഴായിരിക്കും അമ്മമാർ കോഴിക്കൂട് അടച്ചില്ല, എന്ന കാര്യം ഓർക്കുന്നത്. അപ്പോൾ വീട്ടിലെ മൂത്ത മക്കളോടു പോയി കൂട് അടച്ചവരാൻ പറയും. പലപ്പോഴും എല്ലാ കോഴികളും കൂട്ടിൽ കയറി എന്നു വരില്ല, ചില കോഴികൾ കൂടിനു പുറത്തും, മരക്കൊമ്പിലും മറ്റും കയറിയിരിക്കും. ഇരുട്ടു പേടിയായതിനാൽ കൂടടയ്ക്കാൻ പോകുന്നവൻ കോഴികൾ മുഴുവൻ കേറിയോ എന്നു നോക്കാതെ അടച്ചു തിരിച്ചുപോരും. വീട്ടിൽ കയറുന്നതേ അമ്മ വിളിച്ചു ചോദിക്കും ''കോഴികളെല്ലാം കേറിയോ മോനെ'' അവൻ പറയും, ''എല്ലാം കേറി അമ്മേ'' എന്നാൽ പുറമേ ഇരിക്കുന്ന കോഴികൾക്ക് അധികം ആയുസ്സ് കാണില്ല. അതിന്റെ റാഞ്ചികൊണ്ടുപോകാൻ താഴെ കുറുക്കൻമാരും മരത്തിൽ മരപ്പട്ടികളും കാത്തിരുപ്പുണ്ടാകും''. എന്നിട്ട് പിതാവു പറയും ആഗോള കത്തോലിക്കാ സഭ വലിയൊരു കോഴിക്കൂട് ആണെന്ന്, അതിൽ കയറാത്തവരെ തട്ടികൊണ്ടുപോകാൻ കാത്തിരിക്കുന്ന കെണികൾ ധാരാളമാണെന്ന്.

നഷ്ടപ്പെടലുകളുടെ കാലഘട്ടത്തിലാണ് നാം. തിരിച്ചറിവില്ലാതെ നാം നഷ്ടപ്പെടുത്തുന്നത് വിലമതിക്കാനാകാത്ത അമൂല്യ രത്നങ്ങളാണ്. പ്രഭാതം വിരിയാൻ വയ്കുമെങ്കിലും, കൈയിലിരിക്കുന്ന രത്നങ്ങൾ വെച്ച് തെരുവുപട്ടിയെ എറിയാൻ ഉന്നം വെയ്ക്കുന്നവർക്കു സമമാണ് പലപ്പോഴും ഇന്നിന്റെ മക്കൾ. കുടുംബത്തിൽ കയറാത്താവരും, കുടുംബപ്രാർത്ഥനകളിൽ അർത്ഥം കണാത്തവരും, ദേവാലയത്തിലേക്കു കയറില്ലാ എന്നു ശഠിക്കുന്നവരും ഇന്ന് ഏറുകയാണ്. വികാരിയോടുള്ള വാശിയുടെ പേരിൽ ക്രിസ്തുവിനെ വേണ്ടെന്ന് വെയ്ക്കുന്നവർ, ''ഈ അച്ചൻ മാറാതെ ഞാൻ പള്ളിയിൽ വരില്ല എന്ന് പറഞ്ഞ് കൂദാശമുടക്കുന്നവർ'' ഈ കൂട്ടർ ആരെയാണ് തോൽപ്പിക്കുന്നത്, നമ്മുടെ കർത്താവിനെയും തന്നെതന്നെയും! ലാസലെറ്റിൽ പ്രത്യക്ഷപ്പെട്ട് മാതാവ് ദേവാലയത്തിലേക്കും കൂദാശകളിലേക്കും തിരിച്ചുവരാൻ ആവശ്യപ്പെട്ടു. തന്റെ പുത്രന്റെ തിരുനാമത്തെ അവഹേളിക്കാതിരിക്കാൻ ഓർമ്മപ്പെടുത്തി. ചിരപ്രസിദ്ധനായ ദൈവശാസ്ത്ര പണ്ഡിതൻ കാൾ റാനർ പറയുന്നു.

''കത്തോലിക്കാസഭ എന്റെ അമ്മയാണ്, എന്റെ അമ്മ പ്രായമേറിയവളും, കുറവുള്ളവളും, ചുക്കിചുളിഞ്ഞ ശരീരത്തോടെ കൂടിയവളുമാണ്, എന്നാലും അവൾ എന്റെ അമ്മയാണ്.''

ചുക്കിചുളിയുന്നതിനു മുമ്പേ മാതാപിതാക്കൾക്ക് വൃദ്ധസദനങ്ങൾ അന്വേഷിച്ചുവെയ്ക്കുന്ന ചില മക്കൾക്ക് 'അമ്മ' എന്ന വാക്കിന്റെ അർത്ഥം മനസ്സിലാകുമോ എന്തോ?

## നമുക്ക് ധ്യാനിക്കാം:-

1. തിരുസഭയോടു എനിക്കും, എന്റെ കുടുംബത്തിനും പെറ്റമ്മയോടുള്ള സ്നേഹവും കരുതലും ഉണ്ടോ?
2. ഞാൻ തിരുസഭയിലെ സജീവ പങ്കാളിയാണോ, എന്റെ പ്രവർത്തികൾ എനിക്കു സാക്ഷിപറയുമോ?

## കാറോസൂസ

ലീഡർ: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടി പരി. ലാസലെറ്റ് മാതാവുവഴി കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്ന് പ്രാർത്ഥിക്കാം.

സമൂഹം: കർത്താവേ, പരി. ലാസലെറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ: കർത്താവേ, സഭാവിശ്വാസികൾ ഉത്തമ ബോധ്യത്തോടെ, വിശ്വാസത്തിൽ തീഷ്ണതയുള്ളവരും പ്രവർത്തനങ്ങളിൽ കാരുണ്യമുള്ളവരുമായി തങ്ങളുടെ വിശ്വാസ ജീവിതത്തിനു സാക്ഷ്യം വഹിക്കാൻ കൃപ ലഭിക്കുന്നതിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ,....

ലീഡർ: കർത്താവേ, അദ്ധ്വാനിക്കുന്നവരുടെയും ഭാരവാഹിക്കുന്നവരുടെയും ആശ്രയമായ ദൈവമേ, തങ്ങളുടെ അവകാശങ്ങൾക്കായി സമരം നടത്തുന്ന കർഷകരെയും കുടുംബങ്ങളെയും അനുഗ്രഹിക്കണമേ. അവരുടെ പ്രശ്നങ്ങളെ മനസിലാക്കുവാനും, അവരോടു കരുണ കാണിക്കാനും അധികാരികളുടെ കണ്ണു തുറക്കണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: തിരുസഭയെയും വിശ്വാസത്തെയും തകർക്കാൻ ആഗ്രഹിക്കുന്ന ശത്രുക്കളുടെ മാനസാന്തരത്തിനുവേണ്ടിയും, സ്വയം സത്വത്തെ മറന്ന് സഭയ്ക്കെതിരെ നിൽക്കുന്ന സഭാ മക്കളുടെ മാനസാന്തരത്തിനും തിരിച്ച് വന്ന് സജീവ പങ്കാളിത്വത്തിനുമായി കൃപ കൊടുക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: SSLC, Plus Two പരീക്ഷകൾക്കായും, മറ്റു മത്സരപരീക്ഷകൾക്കായും ഒരുങ്ങുന്ന എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികളേയും പരിശുദ്ധാത്മാവിനാൽ നിറച്ച് ജ്ഞാനത്തിന്റെ വരം നൽകി പരീക്ഷയെഴുതാൻ അനുഗ്രഹിക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: നമുക്ക് നിശബ്ദമായി നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങളും കുടുംബത്തിന്റെ നിയോഗങ്ങളും പരി. ലാസലെറ്റ് മാതാവുവഴി കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കാം.

**നമുക്ക് പ്രാർത്ഥിക്കാം.**

കാരുണ്യവാനും സർവ്വ ശക്തനുമായ, സ്വർഗ്ഗസ്ഥനായ പിതാവേ, അങ്ങ് മനുഷ്യകുലത്തിന്റെ വീണ്ടെടുപ്പിനായി തന്റെ ഏകജാതനായ യേശുക്രിസ്തുവിനെ മരണത്തിന് ഏൽപ്പിച്ചുകൊടുക്കാൻ തിരുമനസ്സായല്ലോ. ഈശോ തന്റെ രക്തവും മാംസവും നൽകി വീണ്ടെടുത്ത് മാനവകുലത്തിന്റെ രക്ഷയ്ക്കായി തിരുസഭ സ്ഥാപിക്കപ്പെട്ടു എന്നും, ഇന്നും കൂദാശകളിലൂടെയും തിരുസഭയിലൂടെയും ഞങ്ങൾക്ക് രക്ഷ കംഗതമാകുന്നുവെന്നും ഞങ്ങൾ അറിയുന്നു. എന്നാൽ വികാരങ്ങൾക്കും, വിചാരങ്ങൾക്കും, തെറ്റായ പ്രബോധനങ്ങൾക്കും അടിമപ്പെട്ട് പലപ്പോഴും സഭാമക്കൾ തിരുസഭയിൽ നിന്ന് അകലുമ്പോൾ, അങ്ങിൽ നിന്നും രക്ഷയിൽ നിന്നുമാണ് അകലുന്നത് എന്ന തിരിച്ചറിവ് അവർക്ക് പ്രധാനം ചെയ്യണമേ. തിരുസഭയെ തളർത്താൻ ശ്രമിക്കുന്നവരുടെ കൈകൾക്ക് കരുത്ത് പകരാതെ, വീഴ്ചകളിലും കുറവുകളിലും തിരുസഭയെ താങ്ങാൻ തിരുസഭാമക്കൾക്ക് കരുത്ത് പകരണമേ. സഹനങ്ങളിലും അവഹേളനങ്ങളിലും അടി പതറാതെ കുരിശിലെ രക്ഷയിലേക്ക് മുന്നേറിയ കർത്താവിന്റെ കാൽവരി വഴികളെ കാലിടറാതെ പിൻതുടരാൻ, ഈ പരീക്ഷണ കാലഘട്ടങ്ങളിൽ തിരുസഭാധികാരികളെയും തിരുസഭാമക്കളെയും അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും

അമ്മേൻ.

പരി. ലാസലെറ്റ് മാതാവേ....... ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

മാർ യൗസേപ്പിതാവേ.................. ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**സമാപനഗാനം**

എത്രയും ദയയുള്ള മാതാവേ ..........

തയ്യാറാക്കിയത്:
ലാസലെറ്റ് സന്യാസ സമൂഹത്തിന് വേണ്ടി
ഫാ. ബിബിൻ പാറേക്കുന്നേൽ MS

facebook page: La Salette Mathavu